തീയതി: മാർച്ച് 7, 2008

**നിസ്സാര ചെലവിൽ വൻ തുകകൾ ഒടുക്കാമെന്ന വിദേശത്തുനിന്നുള്ള അവാസ്തവമായ വാഗ്ദാനത്തിനെതിരെ റിസർവ് ബാങ്ക് പൊതുജനത്തിന് മുന്നറിയിപ്പ് നല്കുന്നു**

വിദേശകേന്ദ്രങ്ങളിൽനിന്ന് ഇന്ത്യയിലെ ബാങ്കുകളിൽ / റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ഒടുക്കിയിട്ടുള്ളതായി അവകാശപ്പെട്ടുകൊണ്ട്, അവയിൽ നിന്നും നിസ്സാര ചെലവിന്മേൽ വൻ തുകകൾ എടുത്തുനൽകാമെന്ന അവാസ്തവമായ വാഗ്ദാനങ്ങളുടെ ഇരകളാകരുതെന്ന് റിസർവ് ബാങ്ക് പൊതുജനത്തെ അറിയിക്കുകയുണ്ടായി. പരിചയമില്ലാത്ത വ്യക്തികളിൽ / കേന്ദ്രങ്ങളിൽ നിന്നുള്ള ഇത്തരം വാഗ്ദാനങ്ങളിൽ / പദ്ധതികളിൽ പങ്കാളികളാകുവാനും പൊതുജനം പണം നൽകരുത്. ചില വിദേശ കേന്ദ്രങ്ങളും / വ്യക്തികളും, അതുപോലെ ഇത്തരം വിദേശ കേന്ദ്രങ്ങൾ / വ്യക്തികൾ എന്നിവരുടെ പ്രതിനിധികളായി പ്രവർത്തിക്കുന്ന ഇന്ത്യയിലെ സ്ഥിരനിവാസികളും കത്തുകൾ, ഇമെയിലുകൾ എന്നിവയിലൂടെ വിദേശ നാണയമായി വൻതുക ഇന്ത്യയിലെ സ്ഥിരനിവാസികൾക്ക് / കേന്ദ്രങ്ങൾക്ക് (സ്കൂളുകൾ / ആശുപത്രികൾ ഉൾപ്പെടെ), അവയുടെ ഇന്ത്യയിലെ വ്യവസായങ്ങൾക്ക് / സംരംഭങ്ങൾക്ക് സഹായം നല്കാനെന്ന വ്യാജേന വാഗ്ദാനങ്ങൾ നൽകുന്നതായി ഇവരുടെ പൊതുവായ പ്രവർത്തന രീതിയെ വിശദമാക്കിക്കൊണ്ട് റിസർവ് ബാങ്ക് അറിയിച്ചു. ഒരിക്കൽ ബന്ധം സ്ഥാപിച്ചു കഴിഞ്ഞാൽ, വാഗ്ദാനം ചെയ്ത തുക കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി വ്യക്തികളുടെ / ഇന്ത്യൻ കേന്ദ്രത്തിന്റെ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ ആരായുകയും പ്രാരംഭ നിക്ഷേപം / പ്രതിഫലം എന്ന നിലയിൽ ചെറിയൊരു തുകയൊടുക്കുവാൻ അപേക്ഷിച്ചുകൊണ്ട് ഇക്കൂട്ടർ എത്തുകയായി. അതുപോലെ, വിദേശത്തെ ലോട്ടറി പദ്ധതികളിൽ നേടിയ സമ്മാനം സ്വീകരിക്കുന്നതിലേയ്ക്കുവേണ്ടി, വിദേശനാണ്യത്തിൽ പ്രതിഫലം / ഫീസ് എങ്ങനെയാണ് ഒടുക്കേണ്ടതെന്നതിനുള്ള അനുമതി / വിശദീകരണം ആരാഞ്ഞുകൊണ്ടുള്ള അന്വേഷണങ്ങൾ വ്യക്തികളിൽ നിന്ന് / അധികാരപ്പെടുത്തിയിട്ടുള്ള ഇടപാടുകാരിൽ നിന്ന് അടുത്ത കാലത്തായി റിസർവ് ബാങ്കിന് ലഭിക്കുകയുണ്ടായി. ഇന്ത്യയിൽ വിതരണത്തിനായി റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ വൻ തുക സൂക്ഷിച്ചിരിക്കുന്നതായും റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം അത് വിതരണം ചെയ്യുമെന്നും വ്യക്തികളെ / കമ്പനികളെ / ട്രസ്റ്റുകളെ ചില വിദേശ സംഘടനകൾ അറിയിക്കുന്നതായും റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസർവ് ബാങ്ക് പുറപ്പെടുവിച്ചത് എന്ന് ദ്യോതിപ്പിക്കുന്ന സർട്ടിഫിക്കറ്റുകളുടെ / നിക്ഷേപ രസീതുകളുടെ പകർപ്പുകൾപോലും തങ്ങളുടെ അവകാശവാദങ്ങൾ സാധൂകരിക്കുന്നതിലേയ്ക്കായി ഇത്തരം പ്രവർത്തകർ ഹാജരാക്കുന്നുണ്ട്. വിദേശനാണ്യ വിനിമയ നിർവഹണ നിയമം 1999 പ്രകാരം ലോട്ടറി പദ്ധതികളിൽ ഏതുവിധേനയുള്ള പങ്കെടുക്കലും നിയമവിരുദ്ധമാണെന്ന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഇന്ന് വ്യക്തമാക്കുകയുണ്ടായി. മാത്രമല്ല, മണിചെയ്ൻ പദ്ധതികളെപ്പോലെ, വ്യത്യസ്ത പേരുകളിൽ പ്രവർത്തിക്കുന്ന ലോട്ടറിപോലുള്ള പദ്ധതികളിൽ പങ്കെടുക്കുവാനായി പണമൊടുക്കുന്നതിനും സമ്മാനത്തുക / പാരിതോഷികം എന്നിത്യാദി നേടുന്നതിലേയ്ക്കായി പണമൊടുക്കുന്നതിനും ഈ നിയന്ത്രണങ്ങൾ ബാധകമാണ്. കുടാതെ, വിതരണത്തിനായി സൂക്ഷിക്കാൻ ഇന്ത്യയിലെ വ്യക്തികളുടെ / കമ്പനികളുടെ / ട്രസ്റ്റുകളുടെ പേരിൽ യാതൊരു അക്കൗണ്ടും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ നിലനിറുത്തുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ജി. രഘുരാജ്
ഡെപ്യൂട്ടി ജനറൽ മാനേജർ
പത്രക്കുറിപ്പ് : 2007-2008/770